**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1940** **20-06-2024 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ ഇടവ സ്റ്റേഡിയത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ ഇടവ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കായിക വകുപ്പിന് കീഴിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയ നിർമ്മാണ പ്രവർത്തി 20.11.2018-ൽ 34.26 കോടി രൂപയ്ക്ക് എസ്.പി.വി ആയ കിറ്റ്കോ ടെണ്ടർ ചെയ്യുകയും, M/s.Crescent Constructions എന്ന സ്ഥാപനത്തിന് വർക്ക് നൽകുകയും ചെയ്തു. വിവിധ കാരണങ്ങളാൽ പ്രവർത്തി നിർത്തിവയ്ക്കുകയും പുനരാരംഭിക്കുകയും ചെയ്തെങ്കിലും 7 കോടി രൂപയുടെ വർക്ക് മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിലവിൽ ടി പദ്ധതിയുടെ ബാക്കി പ്രവർത്തികളുടെ എസ്.പി.വി ആയി നിയമിച്ചിട്ടുണ്ട്.<br><br>എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ മുൻ എസ്.പി.വി.-യായ M/s. കിറ്റ്കോയിൽ നിന്നും ലഭിച്ചിരുന്നില്ല. തുടർന്ന് 24.04.2024-ന് കായിക യുവജനകാര്യ ഡയറക്ടറുടെ അദ്ധ്യക്ഷതയിലും, 08.05.2024 ന് കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിംഗ്സ്, എസ്റ്റിമേറ്റ്, ബിഡ് ഡോക്യുമെന്റ്സ്, കൂടാതെ പൂർത്തിയായ വർക്കുകളുടെ മെഷർമെന്റ് ബുക്കും M/s.കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് 18.05.2024-ന് കൈമാറി നൽകിയിരുന്നു.<br><br>പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുടെ ദർഘാസ് അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിന് ടി പ്രവൃത്തിയുടെ മുൻകരാറുകാരനെ ഒഴിവാക്കിക്കൊണ്ടുള്ള Foreclosure Agreement M/s.കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് ലഭ്യമാക്കേണ്ടതുണ്ട്. 20.05.2024 ൽ കിഫ്ബി സി.ഇ.ഒ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന |

| | | | |
|---|---|---|---|
| | | | യോഗത്തിൽ ടി വിഷയം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉന്നയിക്കുകയും M/s.കിറ്റ്കോ പ്രസ്തുത ഡോക്യുമെന്റുകൾ തയാറാക്കി ഒരാഴ്ചയ്ക്കകം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.<br><br>25.05.2024 ൽ ബഹു.വർക്കല എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ടി വിഷയങ്ങൾ വീണ്ടും ചർച്ച ചെയ്യുകയും എല്ലാ ഡോക്യുമെന്റുകളും സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറി നൽകുന്നതിന് M/s.കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി ഡോക്യുമെന്റുകൾ ഇതുവരെ ലഭിച്ചിട്ടില്ല. M/s.കിറ്റ്കോയിൽ നിന്നും ടി ഡോക്യുമെന്റുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചുവരികയാണ്.<br><br>Foreclosure Agreement M/s.കിറ്റ്കോയിൽ നിന്നും ലഭ്യമായാലുടൻ ശേഷിക്കുന്ന പ്രവൃത്തികളുടെ ദർഘാസ് അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ